# തിരുവനന്തപുരം സിറ്റി പോലീസ്

## കാണാതായ പെൺകുട്ടിയെ കണ്ടെത്തിയ ആളിന് സിറ്റി പോലീസിന്റെ ആദരം



ശ്രീ ചിത്ര പൂവർ ഹോമിൽ നിന്ന് കാണാതായ ഉത്തരേന്ത്യൻ പെൺകുട്ടിയെ കണ്ടെത്താൻ തിരുവനന്തപുരം സിറ്റി പോലീസിനെ സഹായിച്ച കരകുളം ആറാംകൽ കെ കെ വി നഗർ ആശിർവാദിൽ ആഷിത് ബാബുവിനു സിറ്റി പോലീസ് കമ്മീഷണർ ബൽറാം കുമാർ ഉപാധ്യായ അനുമോദന പത്രം നൽകി ആദരിക്കുന്നു. ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ. ദിവ്യ വി . ഗോപിനാഥ് സമീപം

തിരുവനന്തപുരം : വഞ്ചിയൂർ ശ്രീചിത്രാ പൂവർഹോമിൽ നിന്നും കാണാതായ ഉത്തരേന്ത്യക്കാരിയായ പതിനേഴ് വയസ്സുള്ള പെൺകുട്ടിയെ കണ്ടെത്തിയ ആഷിത് ബാബുവിന് അനുമോദനപത്രം നൽകി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ ആദരിച്ചു. കരകുളം ആറാംകല്ല് കെ.കെ.വി നഗറിൽ ആശിർവാദ് വീട്ടിൽ സതീഷ് ബാബുവിന്റെ മകൻ ആശിത് ബാബുവിനെയാണ് സിറ്റി പോലീസ് ആദരിച്ചത്. കാണാതായതായി സോഷ്യൽ മീഡിയകളിൽ ഫോട്ടോ വന്ന പെൺകുട്ടിയുമായി 10.11.2020 രാത്രി 8.00 മണി സമയത്ത് തമ്പാനൂർ ധന്യ-രമ്യ തീയേറ്ററിന് സമീപം വച്ച് അസ്വാഭാവികമായി കണ്ട പെൺകുട്ടിയ്ക്ക് സാമ്യം തോന്നിയതിനെ തുടർന്ന് കാര്യങ്ങൾ ചോദിച്ച് തിരിച്ചറിഞ്ഞ് മ്യൂസിയം പോലീസ് സ്റ്റേഷനിൽ കൂട്ടിക്കൊണ്ട് വരികയായിരുന്നു. വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ കാണാതായതിന് അന്വേഷണത്തിലിരുന്ന പെൺകുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മിറ്റി അധികാരികളെ ഏൽപ്പിക്കുകയായിരുന്നു. അനുമോദനപത്രം നൽകി ആദരിക്കുന്ന ചടങ്ങിൽ ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ.ദിവ്യ.ആർ.ഗോപിനാഥ് (ക്രമസമാധാനം), അസ്സിസ്റ്റന്റ് കമ്മീഷണർമാർ തുടങ്ങിയവർ പങ്കെടുത്തു.